# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം
# പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംങ്ഷൻ, തിരുവനന്തപുരം - 33
# (ഹാജർ -അനുപമ റ്റി വി , ഐ എ എസ്)

**നം.ഇ LR/232/2021-LR(E2)** **16-06-2023**

വിഷയം : ജീവനക്കാര്യം : തഹസിൽദാർ / സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റവും സ്ഥലം മാറ്റവും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം

(1)ജി.ഒ(പി)നം.853/80/ആർഡി തീയതി 16.06.1980

(2)ജി.ഒ(പി)നം.58/2010/ആർഡി തീയതി 09.02.2010

(3)14/2/2022 - ലെ 498 നമ്പരായുള്ള (8/2/2022-ലെ എൽആർ/802/2021-എൽആർ ഇ(2) നമ്പർ) കേരള ഗസറ്റ് (അസാധാരണം) വിജ്ഞാപനം

(4)16/6/2023 - ലെ 2031/2023 നമ്പരായുള്ള (14/6/2023-ലെ എൽആർ/12168/2022 എൽആർഇ(2) നമ്പർ) കേരള ഗസറ്റ് (അസാധാരണം) വിജ്ഞാപനം

ലാൻഡ് റവന്യൂ വകുപ്പിലെ 2022 ലെ സെലക്ട് ലിസ്റ്റ് പരാമർശം (3) പ്രകാരം പ്രസിദ്ധീകരിക്കുകയും വിവിധ സ്ഥാനക്കയറ്റ ഉത്തരവുകൾ പ്രകാരം ടി ലിസ്റ്റിൽ നിന്ന് 83 പേർക്ക് തഹസിൽദാർ / സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതുമാണ്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനു മുമ്പാകെ വിവിധ ജീവനക്കാർ ഫയൽ ചെയ്ത ഒഎ 1795/2019 നമ്പർ കേസ്, ഒ.എ. - 28/20 നമ്പർ കേസ്, അനുബന്ധ കേസുകൾ എന്നിവയിലെ 31/08/2021 ലെ അന്തിമ ഉത്തരവിൽ, തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട സെലക്ട് ലിസ്റ്റ് റിവൈസ് ചെയ്യുന്നതിന് നിർദേശിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ബഹു. ഹൈക്കോടതിയിൽ ബന്ധപ്പെട്ട കക്ഷികൾ ഒ.പി.(കെ.എ.റ്റി) 265/2021 കേസ്സും അനുബന്ധ കേസുകളും ഫയൽ ചെയ്തിരുന്നതും കൂടാതെ സർക്കാർ പ്രസ്തുത ഉത്തരവിനെതിരെ ഒ.പി.(കെഎറ്റി) 378/2021 നമ്പർ കേസ് ഫയൽ ചെയ്തിരുന്നതുമാണ്. ബഹു. ഹൈക്കോടതി, ഒ.പി.(കെഎറ്റി) 378/2021 നമ്പർ കേസിൽ പുറപ്പെടുവിച്ച 23/12/2021 ലെ സ്റ്റേ ഉത്തരവ് പ്രകാരം ഒഎ 1795/2019 നമ്പർ കേസ്, ഒ.എ. - 28/20 നമ്പർ കേസ്, അനുബന്ധ കേസുകൾ എന്നിവയിലെ 31/08/2021 ലെ ഉത്തരവ് സ്റ്റേ ചെയ്യുകയും ഒ.പി.(കെഎറ്റി) 378/2021 നമ്പർ കേസിലെ 8/3/2022 ലെ ഉത്തരവ് പ്രകാരം പ്രസ്തുത സ്റ്റേ ഉത്തരവ് ഇനിയൊരുത്തരവുണ്ടാകുന്നതു വരെ നീട്ടിയിട്ടുമുണ്ട്. പ്രസ്തുത കേസിൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതാണ്.

നിലവിൽ ലാൻഡ് റവന്യൂ വകുപ്പിൽ 31/5/2023 ലെ വിരമിക്കൽ ഉൾപ്പടെ 38 ഒഴിവുകളുണ്ട്. ഭരണപരമായ സ്തംഭനാവസ്ഥ ഒഴിവാക്കുന്നതിനും പൊതുജന താൽപര്യാർത്ഥവും പ്രസ്തുത ഒഴിവുകൾ അടിയന്തിരമായി നികത്തേണ്ടതുണ്ട്. ടി സാഹചര്യത്തിൽ 21/2/2022 ൽ യോഗ്യതാ ടെസ്റ്റ് വിജയിച്ച ജീവനക്കാരെ ഉൾപ്പെടുത്തി സെലക്ട് ലിസ്റ്റ് റിവൈസ് ചെയ്താൽ മാത്രമേ 2023 ലെ സെലക്ട് ലിസ്റ്റ് തയ്യാറാക്കാൻ കഴിയൂ എന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ 2022 ലെ സെലക്ട് ലിസ്റ്റിൽ 21/2/2022 ൽ യോഗ്യതാ ടെസ്റ്റ് വിജയിച്ച ജീവനക്കാരെ കൂടി ഉൾപ്പെടുത്തി ആയത് റിവൈസ് ചെയ്യുന്നതിനും 2023 ൽ നിലവിൽ വന്നതും പ്രതീക്ഷിക്കുന്നതുമായ ഒഴിവുകൾ കണക്കാക്കി 2023 ലെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുമായി ഡി.പി.സി. (ലോവർ) യോഗം ചേർന്ന് പരാമർശം (4) പ്രകാരം 2022 ലെ റിവൈസ്ഡ് സെലക്ട് ലിസ്റ്റ്, 2023 ലെ സെലക്ട് ലിസ്റ്റ് എന്നിവ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ 31/5/2023 വരെ ലാൻഡ് റവന്യൂ വകുപ്പിൽ നിലവിൽ വന്ന തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിനും ഭരണപരമായ സൗകര്യാർത്ഥവും വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനും, വായന (4) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സെലക്ട് ലിസ്റ്റുകളിൽ ഉൾപ്പെട്ട ജീവനക്കാരിൽ അർഹരായവരെ

അവരുടെ സീനിയോരിറ്റി ക്രമമനുസരിച്ച്, കേരളാ റവന്യൂ സർവ്വീസ് (തഹസിൽദാർ) സ്പെഷ്യൽ റൂൾസിൽ ഉൾപ്പെട്ട തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് 51400-110300 എന്ന ശമ്പള സ്കെയിലിൽ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി ടി ജീവനക്കാരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന ജില്ലയിലേക്ക് നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. ഒഎ. 28/2020 നം. കേസിലും അനുബന്ധ കേസ്സുകളിലും ബഹു. കോടതി പുറപ്പെടുവിച്ച 31/08/2021 ലെ ഉത്തരവിന്റേയും ഒ.പി.(കെ.എ.റ്റി) 265/2021 കേസ്സിലും അനുബന്ധ കേസ്സുകളിലും ഒ.പി.(കെഎറ്റി) 378/2021 നം. കേസ്സിലും ബഹു. ഹൈക്കോടതി പുറപ്പെടുവിക്കുന്ന അന്തിമവിധിന്യായത്തിന്റെയും അടിസ്ഥാനത്തിൽ ആവശ്യമുള്ള പക്ഷം ടി സ്ഥാനക്കയറ്റങ്ങൾ പുന:പരിശോധിക്കുന്നതാണ്.

| ക്രമ.നം | റാങ്ക് നമ്പർ | ജീവനക്കാരൻ്റെ പേര് | നിലവിൽ ജോലി ചെയ്യുന്ന ജില്ല/സ്റ്റേഷൻ | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന ജില്ല | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 4385 | PRASHANTH KUMAR V (131346) | കണ്ണൂർ/തലശ്ശേരി | കണ്ണൂർ | |
| 2 | 4574 | ANILKUMAR K S (349136) | തൃശ്ശൂർ/ചാവക്കാട് | ഇടുക്കി | |
| 3 | 4694 | SUDHEER V K (132234) | കോഴിക്കോട്/വടകര | കോഴിക്കോട് | |
| 4 | 4706 | RAJAN K G (450233) | തൃശ്ശൂർ/തലപ്പിള്ളി | ഇടുക്കി | |
| 5 | 4746 | RAJAN E K (131738) | കണ്ണൂർ/പയ്യന്നൂർ | കണ്ണൂർ | |
| 6 | 4763 | P S SURESH KUMAR (126261) | തിരുവനന്തപുരം/നെടുമങ്ങാട് | ഇടുക്കി | |
| 7 | 4825 | Thomas K A (326431) | കോട്ടയം/ചങ്ങനാശേരി | ഇടുക്കി | |
| 8 | 4849 | NANDINI C (429213) | തിരുവനന്തപുരം/തിരുവനന്തപുരം | ഇടുക്കി | |
| 9 | 4851 | Diksy Francis V (192639) | എറണാകുളം/ആലുവ | ഇടുക്കി | |
| | | G PRASANTH | | | |

| | | | | |
|---|---|---|---|---|
| 10 | 4865 | (324031) | കോട്ടയം/കോട്ടയം | വയനാട് |
| 11 | 4889 | Mathews V V (324355) | കോട്ടയം/കാഞ്ഞിരപ്പള്ളി | വയനാട് |
| 12 | 4931 | THULASEEDHARAN V (131844) | കൊല്ലം/കൊല്ലം | വയനാട് |
| 13 | 4939 | SAJI R S (659555) | തിരുവനന്തപുരം/തിരുവനന്തപുരം | വയനാട് |
| 14 | 4951 | Sajimon Mathew (125113) | കോട്ടയം/മീനച്ചിൽ | കണ്ണൂർ |
| 15 | 4973 | VIJAYAKUMARAN P (346738) | മലപ്പുറം/ഏറനാട് | മലപ്പുറം |
| 16 | 4978 | ABOOBACKER V K (449911) | പാലക്കാട്/പാലക്കാട് | പാലക്കാട് |
| 17 | 5014 | Pramod P Lazarus (346544) | മലപ്പുറം/പൊന്നാനി | കണ്ണൂർ |
| 18 | 5055 | SUJITH KUMAR C (105097) | കോഴിക്കോട്/കോഴിക്കോട് | കണ്ണൂർ |
| 19 | 5070 | JAYESH R (455297) | ആലപ്പുഴ/ചേർത്തല | കണ്ണൂർ |
| 20 | 5129 | BEENA N (540256) | കൊല്ലം/കരുനാഗപ്പള്ളി | കാസർഗോഡ് |
| 21 | 5205 | SARATH KUMAR K S (425975) | ഇടുക്കി/ഉടുമ്പൻചോല | ഇടുക്കി |
| 22 | 5222 | S Unnikrishna Pillai (542503) | കൊല്ലം/കൊല്ലം | കാസർഗോഡ് |
| 23 | 5265 | Kannan P S (449946) | പാലക്കാട്/ആലത്തൂർ | പാലക്കാട് |
| 24 | 5268 | Anandakumar M P (567966) | പാലക്കാട്/ഒറ്റപ്പാലം | പാലക്കാട് |
| 25 | 5336 | Shibu P (390689) | മലപ്പുറം/പെരിന്തൽമണ്ണ | കാസർഗോഡ് |

| | | | | |
|---|---|---|---|---|
| 26 | 5340 | SREELEKHA K V (131167) | കണ്ണൂർ/തലശ്ശേരി | കണ്ണൂർ |
| 27 | 5342 | AMBILY P C (455414) | ആലപ്പുഴ/ചേർത്തല | കാസർഗോഡ് |
| 28 | 5374 | Saji T (106764) | തിരുവനന്തപുരം/തിരുവനന്തപുരം | കാസർഗോഡ് |
| 29 | 5440 | MANOHARAN T (131675) | കണ്ണൂർ/തളിപ്പറമ്പ് | കണ്ണൂർ |
| 30 | 5491 | ABUBACKER SIDHIK P M (478702) | പാലക്കാട്/പാലക്കാട് | കാസർഗോഡ് |
| 31 | 5538 | Mohan Raj K G (348135) | തിരുവനന്തപുരം/തിരുവനന്തപുരം | കാസർഗോഡ് |
| 32 | 5573 | DEEPU V (425973) | ആലപ്പുഴ/കാർത്തികപ്പള്ളി | കാസർഗോഡ് |
| 33 | 5579 | Anil kumar K (105081) | കോഴിക്കോട്/കൊയിലാണ്ടി | കാസർഗോഡ് |
| 34 | 5606 | Maya M (492882) | എറണാകുളം/കുന്നത്തുനാട് | കാസർഗോഡ് |
| 35 | 5618 | Ranjith D (125280) | കോഴിക്കോട്/കൊയിലാണ്ടി | കാസർഗോഡ് |
| 36 | 5627 | NAUSHAD P I (333197) | കോട്ടയം/കാഞ്ഞിരപ്പള്ളി | കാസർഗോഡ് |
| 37 | 5649 | Unnikrishnan T K (365113) | എറണാകുളം/കോതമംഗലം | കാസർഗോഡ് |
| 38 | 5653 | Rasmi G (373881) | എറണാകുളം/കോതമംഗലം | കാസർഗോഡ് |

ടി ഉത്തരവ് പ്രകാരം നിയമിക്കപ്പെട്ട തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഉചിതമായ മറ്റ് സ്പെഷ്യൽ തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികകളിൽ നിയമനം നൽകുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ശ്രദ്ധിക്കേണ്ടതാണ്.

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ വായന (1), (2) എന്നിവ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള തുടർച്ചയായ 2 വർഷത്തിനുള്ളിലെ

ഒരു വർഷക്കാലത്തെ നിരീക്ഷണകാലം പൂർത്തിയാക്കേണ്ടതും ടി നിരീക്ഷണ കാലയളവിനുള്ളിൽ പോലീസ് & മജിസ്റ്റീരിയൽ ട്രെയിനിംഗ് നിർബന്ധമായും പൂർത്തിയാക്കേണ്ടതുമാണ്. ബന്ധപ്പെട്ട ജില്ലാ കലക്ടർമാർ/ഓഫീസർമാർ ടി ജീവനക്കാരെ ഒരു വർഷത്തെ നിരീക്ഷണകാലയളവിനുള്ളിൽ പോലീസ് & മജിസ്റ്റീരിയൽ ട്രെയിനിംഗിന് നിർബന്ധമായും നിയോഗിക്കേണ്ടതും ട്രെയിനിംഗിന് നിയോഗിക്കാത്ത കാരണം കൊണ്ട് നിരീക്ഷണകാലം ദീർഘിപ്പിക്കേണ്ടി വരാൻ ഇടയാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. പോലീസ് & മജിസ്റ്റീരിയൽ ട്രെയിനിംഗിന് നിയോഗിക്കപ്പെടുന്നവർ റിലിംക്വിഷ് ചെയ്യുന്ന പക്ഷം രേഖാമൂലം അപേക്ഷിക്കേണ്ടതും ബന്ധപ്പെട്ട ജില്ലാ കലക്ടർമാർ/ ഓഫീസർമാർ ആയത് അനുവദിക്കുന്ന പക്ഷം ടി വിവരം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ബന്ധപ്പെട്ട ജില്ലാ കലക്ടർമാർ ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യാനും ജോലിയിൽ പ്രവേശിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റിപ്പോർട്ട് ഓഫ് ട്രാൻസ്ഫർ ഓഫ് ചാർജ്ജ് (ആർ.റ്റി.സി.) ഉചിതമാർഗ്ഗേണ സമർപ്പിക്കേണ്ടതാണ്. കൂടാതെ എല്ലാ ജീവനക്കാരെയും HRMS മൊഡ്യൂൾ ഉപയോഗിച്ച് മാത്രം വിടുതൽ / ജോലി പ്രവേശനം നടത്തേണ്ടതും, എല്ലാ ജീവനക്കാരുടെയും വിവരങ്ങൾ സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്നും ഡാറ്റാ ശരിയാണെന്നും ബന്ധപ്പെട്ട ഓഫീസ് മേധാവികളും ജില്ലാ കലക്ടർമാരും ഉറപ്പുവരുത്തേണ്ടതുമാണ്.

കമ്മീഷണർ

പകർപ്പ്

1. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്, തിരുവനന്തപുരം
2. എല്ലാ ജില്ലാ കലക്ടർമാർക്കും
3. സെക്രട്ടറി, ലാൻഡ് ബോർഡ്, തിരുവനന്തപുരം
4. ഡയറക്ടർ, ILDM, തിരുവനന്തപുരം
5. ഡയറക്ടർ, സർവ്വെ & ലാൻഡ് റിക്കാർഡ്സ്, തിരുവനന്തപുരം

6. ഡെപ്യൂട്ടി കലക്ടർ, വിജിലൻസ് (ഉത്തര, ദക്ഷിണ, മദ്ധ്യമേഖല)
7. അസിസ്റ്റന്റ് കമ്മീഷണർ (ആർ ഇ)
8. സൂപ്രണ്ട്, സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ
9. സ്റ്റേറ്റ് ഐടി സെൽ
10. കരുതൽ ഫയൽ